കേരള സർക്കാർ

നം.395/ആർ.എ 1/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:05.07.2018

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - നിലം നികത്തിയ സ്ഥലത്ത് വീട് വച്ചതിന് ശേഷം 10 വർഷത്തേയ്ക്ക് ഉപയോഗമാറ്റം വരുത്തരുത് എന്ന് നിഷ്കർഷിക്കുന്ന സർക്കുലറുകൾ പിൻവലിച്ചതിന് സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:
1) 31.08.2008-ലെ 45846/ആർ.എ 1/08/തസ്വഭവ നമ്പർ സർക്കുലർ.
2) 23.09.2018-ലെ 59655/ആർ.എ 1/08/തസ്വഭവ നമ്പർ സർക്കുലർ.
3) 22.01.2011-ലെ 4545/ആർ.എ 1/11/തസ്വഭവ നമ്പർ സർക്കുലർ.
4) 27.10.2012-ലെ 61519/ആർ.എ 1/11/തസ്വഭവ നമ്പർ സർക്കുലർ.
5) 05.02.2013-ലെ 1663/ആർ.എ 1/2013/തസ്വഭവ നമ്പർ സർക്കുലർ.
6) സ.ഉ.(കൈ)നം.214/2017/തസ്വഭവ തീയതി 01.11.2017 നമ്പർ സർക്കാർ ഉത്തരവ്.

പരാമർശം (1) മുതൽ (5) വരെയുള്ള സർക്കുലറുകൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണെന്നും പ്രസ്തുത സർക്കുലറുകൾ മേൽ നിയമത്തെ ദുർബലപ്പെടുത്തുന്നതാണെന്നും ശ്രദ്ധയിൽപ്പെട്ടതിനാൽ പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സർക്കുലറുകൾ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഇത്തരം ഭൂമിയിൽ വീട് നിർമ്മിക്കാനായി 10 വർഷത്തേക്ക് ക്രയവിക്രയം നടത്താൻ പാടില്ല എന്ന വ്യവസ്ഥയോടെ അനുവദിച്ചിട്ടുള്ള നിർമ്മാണ പെർമിറ്റുകൾ ആ വ്യവസ്ഥ ഇല്ലെന്ന് കണക്കാക്കി ക്രയവിക്രയം നടത്താനുള്ള നടപടികൾ സ്വീകരിക്കാനാവുമോ എന്നത് സംബന്ധിച്ച് ധാരാളം അന്വേഷണങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായതിനാലും പ്രസ്തുത സർക്കുലറുകൾ ടി നിയമത്തെ ദുർബലപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിതനാലുമാണ് അവ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ ടി സർക്കുലറുകൾ അവ പുറപ്പെടുവിച്ച തീയതി മുതൽ നിയമസാധുതയില്ലാത്തതായി കണക്കാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ നിലം നികത്തിയ സ്ഥലത്ത് വീട് വച്ചതിന് ശേഷം 10 വർഷത്തേക്ക് ഉപയോഗമാറ്റം വരുത്തരുതെന്ന ഉപാധിയോടെ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമായ കേസുകളിൽ ടി ഉപാധികൾ നേരത്തെ നിഷ്കർഷിച്ചിട്ടില്ലാത്തതായി കണക്കാക്കാവുന്നതാണെന്ന് നിർദ്ദേശം നൽകുന്നു.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

(തുടർച്ച......2)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
റവന്യൂ വകുപ്പ്
കൃഷി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.